**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **04-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ ചൊവ്വ അണ്ടർ പാസ്, സിറ്റി റോഡ്, ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | കെ.ആർ.എഫ്.ബി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ നഗരപാത വികസനപദ്ധതിയിൽ ആകെ 11 കോറിഡോറുകളാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. L&T Infrastructure Project ആണ് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത്. ഫേസ്-1 ൽ ഉൾപ്പെട്ട ഇ9-ഇന്നർ റിംഗ് റോഡ്(3.1 കി.മീ), ഇ10-പട്ടാളം റോഡ്(0.99 കി.മീ), ഇ11 ജയിൽ റോഡ്(0.96 കി.മീ) എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ ഫേസ്-2 ൽ ഉൾപ്പെട്ട ഇ01-മന്ന ജംഗ്ഷൻ-ന്യൂ എൻ എച്ച് ബൈപ്പാസ്(9.325 കി.മീ), ഇ03-പൊടിക്കുണ്ട്-കൊറ്റാളി റോഡ്(1.44 കി.മീ), ഇ08-തയ്യിൽ-തെഴുക്കിലെ പീടിക റോഡ്(2.18 കി.മീ), ഇ12-കുഞ്ഞിപ്പള്ളി-പുല്ലൂപ്പി റോഡ്(1.65 കി.മീ) എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഫേസ്-3യിൽ ഉൾപ്പെട്ട ഇ02ചാലാട്-കുഞ്ഞിപ്പള്ളി റോഡ്(4.7 കി.മീ), ഇ04മിനി ബൈപ്പാസ് റോഡ്(7.04 കി.മീ), ഇ05കക്കാട്-മുണ്ടയാട് റോഡ്(2.81 കി.മീ), ഇ07പ്ലാസ ജംഗ്ഷൻ-ജെടിഎസ് റോഡ്(6.45 കി.മീ) എന്നീ ബാക്കി 4 കോറിഡോറുകളിൽ സാമൂഹിക ആഘാതപഠനം നടത്തി സർവ്വേ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.<br>RBDCK വിഭാഗത്തിനു കീഴിൽ:<br><br>1. മേലെ ചൊവ്വ അണ്ടർപ്പാസ്<br><br>മേലെചൊവ്വ അണ്ടർബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ (കിഫ്ബി പദ്ധതി) ഡി.പി.ആർ 20.01.2018ൽ അംഗീകരിച്ചിരുന്നു. എന്നാൽ പുതുക്കിയ ഡി.എസ്.ആർ 2018 വന്നിരുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി 13.12.2021 ന് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നുവെങ്കിലും, യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കിഫ്ബി നിർദ്ദേശിച്ചതനുസരിച്ച് വാട്ടർ അതോറിറ്റിയുടെ 2 പ്രധാന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ്, വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നത് ലഭ്യമാക്കി, കിഫ്ബി അംഗീകാരത്തിനു ശേഷം ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.<br><br>2. സൗത്ത് ബസാർ ഫ്ലൈഓവർ<br><br>സൗത്ത് ബസാർ ഫ്ലൈഓവർ നിർമ്മാണ പദ്ധതിയുടെ (കിഫ്ബി പദ്ധതി) ഡി.പി.ആർ 2019ൽ അംഗീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാകളക്ടർക്ക് RBDCK അർത്ഥന നൽകുകയും, 25.11.2020 ന് 4(1) വിജ്ഞാപനവും 14.05.2022 ന് 11(1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 10.08.2021 ന് കണ്ണൂർ ജില്ലാ കളക്ടർ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുകയും തുടർന്ന് കെട്ടിട മൂല്യ നിർണ്ണയം പൂർത്തീകരിക്കുകയും, എൽ.എ.ഒ നഷ്ടപരിഹാര തുകയ്ക്കുള്ള അപേക്ഷ 11.02.2022 ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി 70.19 കോടി രൂപ അനുവദിക്കുകയും, ടി തുക ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതും 19.05.2022 ന് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്. 25.06.2022 ന് അവാർഡ് എൻക്വയറി ആരംഭിക്കുന്നതും തുടർന്ന് ഭൂമി ഏറ്റെടുത്ത് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ